## 15 -ാം കേരള നിയമസഭ

## 4 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 441** | **23-02-2022 - ൽ മറുപടിയ്ക്ക്**

## മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | Shri K N Balagopal<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര കെ.എസ്.ആർ.ടി.സി. ഡിപ്പോയിൽ പുതിയ കെട്ടിടം നിർമ്മിക്കുവാൻ എം.എൽ.എ. യുടെ നിയമസഭാ മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി ലഭിച്ചത് (ജി.ഒ (സാധാ)നം:74/2016/ഗതാ. തീയതി 16.02.2016) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) | പ്രസ്തുത പ്രവൃത്തിയ്ക്ക് മുൻസിപ്പാലിറ്റിയുടെ എൻ.ഒ.സി. ലഭിക്കാത്തതിനെ തുടർന്ന് നിർമ്മാണം തടസ്സപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) | ഉണ്ട് |
| (സി) | പ്രസ്തുത നിർമ്മാണം മുൻപ് കെ.എസ്.ആർ.ടി.സിയുടെ സിവിൽ വിഭാഗത്തിന്റെ മേൽനോട്ടത്തിലായിരുന്നുവെങ്കിലും നിലവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ റിവൈസ്ഡ് എസ്റ്റിമേറ്റ്സ് തയ്യാറാക്കി ഭരണാനുമതിയ്ക്ക് നൽകിയിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | മുൻസിപ്പാലിറ്റിയുടെ എൻ.ഒ.സി. ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ട സാഹചര്യത്തിൽ നിലവിൽ പൊതുമരാമത്ത് കെട്ടിട വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുതുക്കിയ എസ്റ്റിമേറ്റും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കുന്നതിനു മുൻപ് പ്രവൃത്തി പ്രാവർത്തികമാക്കുന്നതിന് മുൻസിപ്പാലിറ്റിയുടെ സ്റ്റോപ്പ് മെമ്മോ പിൻവലിക്കേണ്ടതും പ്രവൃത്തി തുടരുന്നതിനുള്ള നിരാക്ഷേപ പത്രം (NOC) ലഭ്യമാക്കേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്. ആയവ ലഭ്യമാക്കി ആദ്യത്തെ ഭരണാനുമതി ഉത്തരവ് പിൻവലിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിയ്ക്കുന്നതിനു ധനകാര്യവകുപ്പിൽ നിന്നും പ്രത്യേകാനുമതി നേടിയശേഷം ഭരണവകുപ്പായ ട്രാൻസ്പോർട് വകുപ്പ് ബന്ധപ്പെട്ട നിർവ്വഹണ വകുപ്പായ പൊതു മരാമത്ത് (കെട്ടിട നിർമ്മാണം) വകുപ്പ് മുഖേന പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചശേഷം പ്രവൃത്തി നടപ്പാക്കാവുന്നതാണ് |
| (ഡി) | പൊതുമരാമത്ത് കെട്ടിട വിഭാഗം തയ്യാറാക്കി സമർപ്പിച്ച പുതുക്കിയ എസ്റ്റിമേറ്റിന് ഭരണാനുമതി | (ഡി) | മുൻസിപ്പാലിറ്റിയുടെ എൻ.ഒ.സി. ലഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത നിർമ്മാണം തടസ്സപ്പെട്ട സാഹചര്യത്തിൽ നിലവിൽ പൊതുമരാമത്ത് കെട്ടിട |

| | | | |
|---|---|---|---|
| | നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ? | | വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പുതുക്കിയ എസ്റ്റിമേറ്റും പുതുക്കിയ ഭരണാനുമതിയും ലഭ്യമാക്കുന്നതിനു മുൻപ് പ്രവൃത്തി പ്രാവർത്തികമാക്കുന്നതിന് മുൻസിപ്പാലിറ്റിയുടെ സ്റ്റോപ്പ് മെമ്മോ പിൻവലിക്കേണ്ടതും പ്രവൃത്തി തുടരുന്നതിനുള്ള നിരാക്ഷേപ പത്രം (NOC) ലഭ്യമാക്കേണ്ടതുമാണെന്ന് അറിയിച്ചിട്ടുണ്ട്. ആയവ ലഭ്യമാക്കി ആദ്യത്തെ ഭരണാനുമതി ഉത്തരവ് പിൻവലിച്ച് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിയ്ക്കുന്നതിനു ധനകാര്യവകുപ്പിൽ നിന്നും പ്രത്യേകാനുമതി നേടിയശേഷം ഭരണവകുപ്പായ ട്രാൻസ്പോർട് വകുപ്പ് ബന്ധപ്പെട്ട നിർവ്വഹണ വകുപ്പായ പൊതു മരാമത്ത് (കെട്ടിട നിർമ്മാണം) വകുപ്പ് മുഖേന പുതുക്കിയ എസ്റ്റിമേറ്റ് തയാറാക്കി പുതുക്കിയ ഭരണാനുമതി പുറപ്പെടുവിച്ചശേഷം പ്രവൃത്തി നടപ്പാക്കാവുന്നതാണ് |

സെക്ഷൻ ഓഫീസർ